പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1787** **05.02.2019 ൽമറുപടിയ്ക്ക്**

## കൺസഷൻ വിതരണത്തിൽ വരുത്തിയിരിക്കുന്ന പരിഷ്കാരങ്ങൾ

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | വിദ്യാർത്ഥികളുടെ കൺസഷൻ വിതരണത്തിൽ കെ.എസ്.ആർ.ടി.സി വരുത്തിയിരിക്കുന്ന പരിഷ്കാരങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; കൺസഷൻ കാർഡ് കേടായാൽ ഫൈൻ അടയ്ക്കണമെന്ന വ്യവസ്ഥ ഇപ്പോൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്ക് നൽകി വരുന്ന സൗജന്യ യാത്രയ്ക്ക് ഒരു വർഷം ഒറ്റത്തവണ 100 രൂപ പ്രോസസിംഗ് ചാർജ് ഓരോ വിദ്യാർത്ഥിയിൽ നിന്നും ഈടാക്കുന്നുണ്ട്. കൺസഷൻ നഷ്ടപ്പെടുകയോ, ഉപയോഗ ശൂന്യമാകുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ ടി വിദ്യാർത്ഥിയിൽ നിന്നും 500 രൂപ പിഴ ഈടാക്കുന്നുണ്ട്. |
| (ബി) | കൺസഷൻ കാർഡ് കേടായതായി കണക്കാക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ; പൂർണ്ണമായും കേടാകാത്ത കാർഡിന് എപ്രകാരമാണ് ഫൈൻ ഈടാക്കുന്നത്;. മൂന്നുമാസത്തേക്ക് നൽകിയിരിക്കുന്ന കാർഡിന്റെ ക്വാളിറ്റിയിൽ എന്തെല്ലാം മാറ്റം വരുത്തിയിട്ടുണ്ട്; | (ബി) | കീറിയതോ തീരെ മുഷിഞ്ഞതോ, കോളങ്ങൾ ഇല്ലാത്തതോ, ചിതൽ അരിച്ചതോ, മഷി പുരണ്ടതോ, തീപിടിച്ചതോ ആയ കൺസഷൻ കാർഡുകൾ കേടായതായി കണക്കാക്കപ്പെടുന്നു. വിതരണം ചെയ്തു വരുന്ന കാർഡുകളുടെ ക്വാളിറ്റി സംബന്ധിച്ച് ആക്ഷേപങ്ങളോ പരാതികളോ ഇതുവരെയും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൂടാതെ നിലവിലുള്ള കൺസഷൻ കാർഡുകൾക്ക് മതിയായ ഗുണനിലവാരം ഉണ്ടെന്ന് കരുതുന്നു. ആയതിനാൽ തന്നെ ഗുണനിലവാരം കൂട്ടുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (സി) | ഫൈൻ ഈടാക്കുന്നതിന്റെ വിശദാംശങ്ങൾ കൺസഷൻ കാർഡിൽ രേഖപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് രേഖപ്പെടുത്താതെയും വിദ്യാർത്ഥികളെ മുൻകൂട്ടി അറിയിക്കാതെയും എപ്രകാരം ഫൈൻ ഈടാക്കും എന്ന് വ്യക്തമാ ക്കാമോ; | (സി) | ഉണ്ട്.<br>കെ.എസ്.ആർ.ടി.സി വിതരണം ചെയ്യുന്ന കൺസഷൻ ടിക്കറ്റിൽ ഇത് സംബന്ധിച്ച് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സിയുടെ എല്ലാ ഡിപ്പോകളിലും കൺസഷൻ കൗണ്ടറിലെ നോട്ടീസ് ബോർഡിലും ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ വ്യക്തമായി പ്രദർശിപ്പിച്ചിട്ടുണ്ട്. |
| (ഡി) | തിരക്കേറിയ ബസ്സിൽ കുട്ടികൾക്ക് ഒരുമാസം പോലും കാർഡ് കേടുകൂടാതെ സൂക്ഷിക്കാൻ കഴിയാത്ത സ്ഥിതിക്ക് മൂന്നുമാസത്തേക്കുള്ള കാർഡിനും ഫൈൻ ഈടാക്കുന്നത് അനീതിയാണെന്ന് കരുതുന്നുണ്ടോ; ആയത് പിൻവലിക്കുന്നതിനും പകരം കാർഡ് നഷ്ടപ്പെട്ടുപോയാൽ മാത്രം ഫൈൻ ഈടാക്കുന്ന രീതി തുടരുവാനും കെ.എസ്.ആർ.ടി.സി ക്ക് നിർദ്ദേശം നൽകുമോ; | (ഡി) | തിരക്കേറിയ ബസ്സിൽ യാത്ര ചെയ്യുന്ന കുട്ടികൾ പാഠപുസ്തകങ്ങൾ സൂക്ഷിക്കുന്ന പോലെ അവരുടെ സൗജന്യ യാത്രയ്ക്ക് അനുവദിച്ചിട്ടുള്ള കൺസഷൻ കാർഡുകളും സൂക്ഷ്മതയോടെ കൈകാര്യം ചെയ്യാൻ ബാദ്ധ്യസ്ഥരാണ്. കെ.എസ്.ആർ.ടി.സി യിൽ നിന്നും വിതരണം ചെയ്യുന്ന കൺസഷൻ കാർഡുകളിൽ 98 ശതമാനവും യാതൊരു കേടുപാടും കൂടാതെയാണ് പുതുക്കാൻ ഹാജരാക്കുന്നത്. ആയതിനാൽ നിലവിലെ പിഴ ഈടാക്കുന്ന രീതിയിൽ മാറ്റം വരുത്തുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (ഇ) | കൺസഷൻ കാർഡ് കേടായതിന്റെയും നഷ്ടപ്പെട്ടുപോയതിന്റെയും അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി യുടെ പേരൂർക്കട ഡിപ്പോ 2018-2019 അദ്ധ്യയന വർഷം എത്ര രൂപ ഫൈൻ ഈടാക്കി ; മാസാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ;ഈ ഡിപ്പോയിൽ ഫൈൻ ഈടാക്കുവാൻ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; കൗണ്ടർ സ്റ്റാഫ് വിദ്യാർത്ഥികളോടും രക്ഷകർത്താക്കളോടും അപമര്യാദയായി പെരുമാറുന്നുവെന്ന പരാതി പരിഹരിക്കുമോ; ആയത് പരിഹരിക്കുന്നതിന് റൊട്ടേഷൻ സമ്പ്രദായം ഏർപ്പെടുത്തുമോയെന്നറിയിക്കാമോ? | (ഇ) | കൺസഷൻ കാർഡ് കേടായതിന്റെയും നഷ്ടപ്പെട്ടുപോയതിന്റെയും അടിസ്ഥാനത്തിൽ പേരൂർക്കട ഡിപ്പോയിൽ 2018-19 അദ്ധ്യയന വർഷം 3500 രൂപ പിഴ ഇനത്തിൽ ഈടാക്കിയിട്ടുണ്ട്.<br>2018 ജൂലൈ മാസത്തിൽ 1000 രൂപയും,<br>2018 ഒക്ടോബർ മാസത്തിൽ 1000 രൂപയും,<br>2018 ഡിസംബർ മാസത്തിൽ 500 രൂപയും,<br>2019 ജനുവരി മാസത്തിൽ 1000 രൂപയുമാണ് ഈടാക്കിയിട്ടുള്ളത്.<br>ചീഫ് ഓഫീസ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ പിഴ ഈടാക്കുന്നതിന് യൂണിറ്റ് ഓഫീസിന് അധികാരം നൽകിയിട്ടുണ്ട്.<br>കൗണ്ടർ സ്റ്റാഫ് വിദ്യാർത്ഥികളോടും രക്ഷകർത്താക്കളോടും അപമര്യാദയായി പെരുമാറുന്നുവെന്ന പരാതി ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**